# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ പികെഡി പി11-26/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

ഇ-മെയിൽ-dopkd.ksad@kerala.gov.in.

വെബ്-www.lfa.kerala.gov.in

ഫോൺ-04912 520145.

തീയതി.31.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇമെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3)കാര്യാലയ പകർപ്പ്

നം കെ എസ് എ.പികെഡി പി11-26/2017 തിയ്യതി: 31.12.2016.

## പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.6.2016 മുതൽ 30.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ - ശ്രീ.കെ.എൻ.വാസുദേവൻ

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം - 31.10.2016 മുതൽ 8.11.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | സുജാത.പി. | ഓഡിറ്റ് ഓഫീസർ |
| 2 | മുഹമ്മദ് ഫാറൂഖ്.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | സുജാത.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.സി.പത്മാവതി – 1.4.2015 മുതൽ 18.11.2015 വരെ

ശ്രീമതി.എ.തങ്കമണി – 19.11.2015 മുതൽ 31.3.3016വരെ

സെക്രട്ടറി

ശ്രീ.മദനമോഹനൻ.വി. - 1.4.15 മുതൽ 31.8.15 വരെ

ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള - 1.9.15 മുതൽ 31.3.16 വരെ

(സെക്രട്ടറി ഇൻ ചാർജ്)

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.എസ്.പി.മഞ്ജു (അഡീഷണൽ ചാർജ്) | 1.4.15 മുതൽ 19.8.15FN വരെ |
| | ശ്രീമതി.സിന്ധു.വി.പി. | 19.8.15AN മുതൽ 30.11.15FN വരെ |
| | ശ്രീമതി.എസ്.പി.മഞ്ജു (അഡീഷണൽ ചാർജ്) | 30.11.15ANമുതൽ 18.12.15FN വരെ |
| | ശ്രീ.റെജിൻ റാം | 18.12.15AN മുതൽ 25.1.16FN വരെ |
| | ശ്രീ.അരുൺ | 25.1.16AN മുതൽ 1.6.16 വരെ |
| | ശ്രീ.ജോർജ്ജ് സ്വീറ്റ് | 2.6.16 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ആഭമോൾ.കെ.വി.. | 1.4.15 മുതൽ 31.3.16 വരെ |
| പ്രധാനാദ്ധ്യാപിക, GUPS, എലപ്പുള്ളി | ശ്രീമതി.മണിയമ്മ.കെ. | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ. | ശ്രീ.അസ്സൻ മുഹമ്മദ് | 1.4.15 മുതൽ 10.9.15 വരെ |
| | ശ്രീ.തങ്കരാജ് | 11.9.15 മുതൽ 31.3.16 വരെ |
| എൽ.വി.ഇ.ഒ. | തസ്തിക ഒഴിവ് | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സരസ്വതി എൻ. | 1.4.15 മുതൽ 31.8.15 വരെ |
| | ശ്രീമതി.സൗദാമിനി.ആർ | 1.9.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ.ഗോപാലകൃഷ്ണപിള്ള | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.മഞ്ജു മോഹൻ | 1.4.15 മുതൽ 25.7.15FNവരെ |
| | ഡോ.ടിന്റു അഗസ്റ്റിൻ | 25.7.15AN മുതൽ 17.8.15FN വരെ |
| | ഡോ.അരുൺ ശ്രീധർ | 17.8.15AN മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ലാലു.ടി.ആർ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പി.എച്ച്.ഏലിയാമ്മ | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.എ.നാസർ | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| | ഭാഗം 2 | |
| 11 | ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ | 2-1 |
| 12 | പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നു. | 2-2 |
| 13 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-3 |
| 14 | പെർമിറ്റ് രജിസ്റ്ററിൽ പൂർത്തീകരണവിവരം രേഖപ്പെടുത്തുന്നില്ല | 2-4 |
| 15 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 2-5 |
| 16 | വ്യാപാരസ്ഥാപനങ്ങളുടെ ഷട്ടറുകൾക്ക് ഫീസ് ഈടാക്കുന്നില്ല | 2-6 |
| 17 | വാർഷികവർദ്ധനവ് വരുത്താത്തതിനാൽ വാടകയിനത്തിൽ നഷ്ടം | 2-7 |
| 18 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-8 |
| 19 | ഡി&ഒ ലൈസൻസ് നൽകിയ കെട്ടിടത്തിന്റെ വസ്തുനികുതി റിവൈസ് ചെയ്യാത്തതിനാൽ നഷ്ടം | 2-9 |

| | | |
|---|---|---|
| 20 | വസ്തുനികുതി ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 2-10 |
| 21 | അഹല്യ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി അസസ്ചെയ്തത് പുനപരിശോധിക്കണം. | 2-11 |
| | ഭാഗം 3 | |
| 22 | തെരുവു വിളക്കുകളുടെ മെയിന്റനൻസ് - അപാകത | 3-1 |
| 23 | എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ ഇൻഫർമേഷൻ, കരിയർ ഗൈഡൻസ്, എംപ്ലോയ് മെന്റ് സെന്റർ - പദ്ധതി നടപ്പിലാക്കിയില്ല | 3-2 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-3 |
| 25 | വിവിധ പർച്ചേസുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല | 3-4 |
| 26 | സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല- അസി. സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്റ്റുകളുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 27 | രേഖകൾ ഹാജരാക്കാത്തതിനാൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹിച്ച പ്രൊജക്റ്റുകളുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 28 | പദ്ധതി ഫണ്ട് വിനിയോഗിക്കാത്തതിനാൽ ലാപ്സായി | 3-7 |
| 29 | എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നടപ്പിലാക്കിയ IAY അധിക വിഹിതം പ്രൊജക്റ്റ് - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 3-8 |
| 30 | സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല- വി.ഇ.ഒ നിർവ്വഹിച്ച പ്രൊജക്റ്റുകൾ - ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 31 | അംഗൻവാടികൾക്ക് പാചക വാതക വിതരണം- ഗാർഹിക കണക്ഷൻ - സബ്സിഡി തുക ലഭിക്കുന്നില്ല. | 3-10 |
| 32 | കുടുംബശ്രീ വിവിധ അക്കൗണ്ടുകളിലവശേഷിക്കുന്ന മൂത നിക്ഷേപം- തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കണം. | 3-11 |
| 33 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് - നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 3-12 |
| 34 | നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല | 3-13 |
| 35 | മരുന്ന് വാങ്ങൽ പദ്ധതി- നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല | 3-14 |

| | | |
|---|---|---|
| 36 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-15 |
| 37 | പകൽ വീട് ഉപയോഗപ്രദമാക്കിയില്ല. | 3-16 |
| | ഭാഗം 4 | |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 41 | വായ്പ തിരിച്ചടവിന്റെ വിവരം. | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016<br>( പുതുക്കിയത് ) |
| തീരുമാനം നം.1 തിയതി, 28.3.2015 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 1.8.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 49748065 |
| വരവ് | 36974994 |
| ആകെ | 86723059 |
| ചെലവ് | 64987531 |
| നീക്കിബാക്കി | 21735528 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | മറ്റ് ഫണ്ടു കളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2934985 | 20490899 | 17685856 | 41111740 | 13194269 | 27917471 | 0 |
| വികസന ഫണ്ട് എസ്.സി.പി | 5625712 | | 185147 | | | 5075712 | 0 |
| | | | 11189000 | 16999859 | 3330819 | 8593328 | |
| | 17000 | | | | | 17000 | |
| | | - | 57000 | 74000 | - | 57000 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1109998 | - | 9034000 | 10143998 | 434863 | 9709135 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 5121972 | - | 5213000 | 10334972 | 4387618 | 5947354 | 0 |
| 14-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | | | 9240027 | 0 |
| | 5647956 | - | 17142230 | 22790186 | 6624935 | 6925224 | |
| പെർഫോമൻസ് ഗ്രാന്റ് | 5973013 | - | 5973013 | 11946026 | 3167808 | 5973013 2805205 | 0 |

(*) സർക്കാരിലേക്ക് തിരികെ അടച്ചത്.

(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

(***) റോഡ് അക്കൗണ്ടിലേക്ക് മാറ്റിയ തുക.

ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക മുഴുവനായി വിനിയോഗിക്കാത്തതു മൂലം ₹.61954717 ലാപ്സാവുകയും സർക്കാരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 178 | 68 | 10 | 100 | 38.2% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 9175000 | 5480000 | 59.73 |
| വെറ്ററിനറി സർജൻ | 2 | 2 | 3525000 | 956250 | 27.13 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 2 | 452000 | 310440 | 68.68 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ. | 4 | 4 | 7216500 | 1635000 | 22.66 |
| എൽ.വി.ഇ.ഒ. | 4 | --- | 4399125 | 0 | 0 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 4 | 5816390 | 4261472 | 73.27 |
| സെക്രട്ടറി | 24 | 14 | 7544136 | 4904872 | 65.02 |
| പ്രധാനാദ്ധ്യാപിക, GUPS എലപ്പുള്ളി | 4 | 3 | 2021150 | 1698789 | 84.05 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 119 | 32 | 50890806 | 9506666 | 18.68 |
| അസിസ്റ്റന്റ്സെക്രട്ടറി | 5 | 2 | 5620000 | 2980000 | 53.02 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7016820 | 5308207 | 1708613 | (-)24.35% |
| നികുതിയേതര വരവുകൾ | 1761956 | 1227874 | 534082 | (-)30.31% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 11239 | 11444 | 205 | (+)1.82% |
| ആകെ | 8790015 | 6547525 | 2242490 | (-)25.51% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 10 | 10 | 0 | |
| 2 | തൊഴിൽ രഹിത വേതനം | 22 | 0 | 0 | |
| 3 | വിധവാ പെൻഷൻ | 120 | 112 | 8 | |
| 4 | വികലാംഗ പെൻഷൻ | 40 | 38 | 2 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 18 | --- | |
| 6 | വാർദ്ധക്യകാല പെൻഷൻ | 319 | 310 | 9 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.11.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 26511/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 4.10.2016 to 5.10.2016 | 8/2016, 9/2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 11.11.2009 | 2004-05 to 2008-09 | | റിപ്പോർട്ട് തീർപ്പാക്കി |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

1)ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക ദുഷ്കരമാണ്. സ്വമേധയാ ലൈസൻസിന് അപേക്ഷിച്ച് വരുന്നവരിൽ നിന്നു മാത്രം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്ന സമ്പ്രദായമാണ് അനുവർത്തിച്ചു പോരുന്നത്. ഡി& ഒ ലൈസൻസ് കുടിശ്ശിക തൻവർഷം ഈടാക്കിയതായും കാണുന്നു.

കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പ്രകാരം ഫീൽഡ് പരിശോധന നടത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

2)ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഡി&ഒ ലൈസൻസ് നൽകി

അപകടകരവും ആപത്കരവുമായ വ്യവസായസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുമുമ്പായി ഹാജരാക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. മിക്ക അപേക്ഷകളിലും അപേക്ഷയോടൊപ്പം യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ നം. | പേര് | കച്ചവടസ്ഥാപനം |
|---|---|---|
| 9 | രവികുമാർ .ടി, കുന്നാച്ചി | രവി സോമിൽ |
| 12 | ഇൻഡ്സിൽ ഹൈഡ്രോപവർ ആന്റ് മാംഗനീസ് ലി. | ഇരുമ്പുരുക്ക് കമ്പനി |
| 16 | മല്ലികാസുരേഷ്, കുപ്പിയോട് | പ്ലാസ്റ്റിക് മോൾഡിംഗ് |
| 28 | വേലപ്പൻ,ശുദ്രമുതലിത്തറ, വേങ്ങോടി | ഹോട്ടൽ |
| 29 | എസ് ബാലകൃഷ്ണൻ, പാറ, എലപ്പുള്ളി | ഹോട്ടൽ |
| 43 | എ.വി രാജപ്പൻ,മാനേജിംഗ് ഡയറക്ടർ | സ്റ്റീൽ ഡോർ, വിൻഡോസ് നിർമാണം |
| 63 | കതിർവേൽ, കൈതക്കുഴി, എരട്ടക്കുളം | ഹോളോബ്രിക്സ് |
| 74 | കെ.വെങ്കിടേഷ്, കൊയ്യാമരക്കാട് | ഇരുമ്പുരുക്ക് |

| | | |
|---|---|---|
| 75 | പി. ഭാസ്കരൻ,മാനേജിംഗ് ഡയറക്ടർ,എക്സിം പൈപ്പ്സ് | മെറ്റൽ റൂഫിംഗ് ഷീറ്റ് നിർമാണം |
| 78 | അസി.മാനേജർ, ജിടിഎൻ എന്റർപ്രൈസസ് | |
| 89 | വി.ഭവദാസ്, കുന്നാച്ചി, എലപ്പുള്ളി | വസ്ത്ര നിർമാണം |
| 89A | എം.രാജകുമാരി, കുന്നാച്ചി, എലപ്പുള്ളി | കെൽനിറ്റ് ഗാർമെന്റ്സ് |
| 91 | ശിവകുമാർ.കെ,മഹാരാജ് മെഡിക്കൽസ് | അലോപ്പതി മരുന്ന് നിർമാണെം |
| 95 | ലിസ്സി തോമസ്,ജോർജ് ഏതൻറോഡ് | ബോട്ടിൽകമ്പനി |
| 105 | രാധാകൃഷ്ണമേനോൻ, കൃപ ഫ്യൂവൽസ് | പെട്രോൾപമ്പ് |
| 109 | കറുപ്പസ്വാമി, പി.എൻ ചള്ള | ഹോളോബ്രിക്സ് |
| 110 | സെക്രട്ടറി, വനിതാ ക്ഷീരസഹകരണ സംഘം,നെയ്തല | പാൽ സംഭരണം |
| 111 | സെക്രട്ടറി, വനിതാ ക്ഷീരസഹകരണ സംഘം,കുളിയോട് | പാൽ സംഭരണം |
| 115 | സുനിൽ ഫിലിപ്, കവുന്നം പാറയിൽ | പെറ്റ് ബോട്ടിൽ നിർമാണം |
| 117 | പി എസ് അൻസാർ മാനേജിംഗ് പാർട്ണർ | ISNR ക്രംബ് റബ്ബർ |
| 121 | റെയ്ഹാനത്ത്,കുറ്റിപ്പുളിക്കൽ | അയൺ ആന്റ് സ്റ്റീൽ സ്ക്രാപ്പ് |
| 124 | മാനേജിംഗ് ഡയറക്ടർ, കോർബൻ പ്രീ ലാമിനേറ്റഡ് ബോർഡ് ഇന്ത്യ | പ്രീലാമിനേറ്റഡ് ബോർഡ് നിർമാണം |
| 139 | മാനേജിംഗ് ഡയറക്ടർ,എക്സൽ കോറുഗേറ്റഡ് ബോക്സസ് , എലപ്പുള്ളി | കോറുഗേറ്റഡ് ബോക്സസ് |
| 143 | പി.എൽ.ജോജി, മാനേജിംഗ് പാർട്ണർ | മെറ്റൽ ക്രഷിംഗ് യൂണിറ്റ് |
| 152 | എം എസ് രാമചന്ദ്രൻ, അഹല്യ മെഡിസിൻ മാനുഫാക്ചറിംഗ് ആയുർവേദ യൂണിറ്റ്, എലിപ്പാറ | ആയുർവേദ മരുന്ന് നിർമാണം |
| 154 | വി രവീന്ദ്രൻ, എംഡി AGE ഇന്റസ്ട്രീസ് | റബ്ബർ ബേസ്ഡ് പ്രൊഡക്ട് |
| 155 | സുദേവൻ, കൊല്ലമ്പള്ളം | ഈർച്ചമിൽ |
| 170 | k.p അബ്ദുൾ അസീസ്, കുറ്റിപ്പുളിക്കൽ | അയൺ സ്ക്രാപ് |
| 194 | ഷാജിദാസ്.കെ, ലക്ഷ്മി ഭവൻ ശ്രീകൃഷ്ണപുരം | അയൺ സ്ക്രാപ് |

| | | |
|---|---|---|
| 275 | രാംബാബു കങ്കാണി, | കങ്കാണി സ്റ്റീൽ |

മേൽപ്പറഞ്ഞവ കൂടാതെ നിരവധി സ്ഥാപനങ്ങൾ സാനിട്ടറി സർട്ടിഫിക്കറ്റുകളില്ലാതെയാണ് ഓഡിറ്റ് വർഷത്തിൽ പ്രവർത്തിച്ചിട്ടുള്ളത്.

നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ ലൈസൻസ് അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 2-2 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നു.

പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. 2015-16 വർഷത്തിൽ പുതുതായി ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള ഇത്തരം സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനം. | ലൈസൻസിയുടെ പേര് | ഡി&ഒ ക്രമ നം. | ഉപയോഗം | ഈടാക്കിയ ഫീസ് | രസീതി നം. | നില വിലെ വസ്തുനികുതി | വിസ്തൃതി (m2) |
|---|---|---|---|---|---|---|---|
| 12/312 | അനില.കെ, ചെറുനെല്ലി | 258 | ഫ്ലോർ ക്ലീനിംഗ് പ്രോഡക്ട് നിർമാണം (പുതുക്കൽ) | 200 | 3374/ 9.11.15 | 44 | 96 |
| 19/122 | രാജേഷ് കൈതൻ, ചെറുകാട്, | 262 | അയൺ & സ്റ്റീൽ കട(പുതുക്കൽ) | 500 | 3664/ 4.12.15 | 373 | 31 |
| 9/90 | സെക്രട്ടറി, കാട്ടിൽപുര സഹകരണ മിൽക് സൊസൈറ്റി, എട്ടപ്പുകുളം | 269 | പാൽ ശേഖരണം (പുതുക്കൽ) | 500 | 4200/ 16.1.16 | 61 | 50 |
| 22/464 | കെ.സി വാസുദേവൻ, വെള്ളയക്കുളം, പള്ളത്തേരി | 292 | പലചരക്ക കച്ചവടം | | | 24 | 60 |
| 5/527 | വേലപ്പൻ, വേങ്ങോടി | 28 | ഹോട്ടൽ | 100 | | 8 | 33 |

പാർപ്പിടാവശ്യത്തിന് നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി 6രൂപ പ്രകാരമാണ് . വ്യാവസായിക ആവശ്യത്തിന് ഈടാക്കേണ്ട നികുതി നിരക്ക് 50 രൂപ പ്രകാരമാണ്. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള വസ്തുനികുതി കണക്കാക്കി തുക ഈടാക്കേണ്ടതാണ്

## 2-3 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ കോഴിഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നം. | ഡി & ഒ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥരുടെ പേരും വിലാസം | സ്ഥാപനത്തിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 135 | 13/513B | പി.എൽ.ജോജി,റോയൽ പൗൾട്രി ഫാം, കാക്കത്തോട് | പൗൾട്രിഫാം |
| 2 | 296 | 7/554,553 | ജനകരാജ്, വടക്കോട്, എലപ്പുള്ളി | കാറ്റിൽ ഫാം |

അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-4 പെർമിറ്റ് രജിസ്റ്ററിൽ പൂർത്തീകരണവിവരം രേഖപ്പെടുത്തുന്നില്ല

മുൻവർഷങ്ങളിൽ പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിക്കേണ്ട കെട്ടിടങ്ങളിൽ ചില ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഗ്രാമപഞ്ചായത്തിന് ആയത് ഹാജരാക്കുവാൻ കഴിഞ്ഞില്ല. പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ പൂർത്തീകരണ വിവരം, വസ്തുനികുതി നിർണയിച്ചതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2015-16 വർഷത്തിൽ പെർമിറ്റ്കാലാവധി അവസാനിക്കുന്നതും നിർമാണം പൂർത്തിയാകാത്തതുമായ കെട്ടിടങ്ങളിൽ കാലാവധിക്കുശേഷം നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ അണോതറൈസ്ഡ് ആണെന്ന് കണ്ടെത്തി കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് നോട്ടീസ് നൽകികാണുന്നില്ല. മുൻവർഷങ്ങളിൽ പെർമിറ്റ് അനുവദിച്ച ചില കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ നം. | അപേക്ഷകന്റെ പേര് |
|---|---|
| 8976/12,13/12/12 | ഹരിദാസ്, മമ്പുള്ളി വീട് |
| ക്രമ നം.9/2013-14 | രാധ സ്വാമിനാഥൻ, (ഇൻഡസ്ട്രിയൽ കെട്ടിടം) |
| 4020/13,20.5.13 | ശ്രീ.എം.എസ്. രാമചന്ദ്രൻ, അഹല്യ ആയുർവേദിക് മെഡിക്കൽ കോളേജ് |
| 3760/14, 30.4.14 | സലിം,പ്രോമിനെന്റ് ന്യൂസിഫെറ, |
| 7065/14, 18.9.14 | സെക്രട്ടറി, സർവീസ് സഹകരണ ബാങ്ക് |
| 10216/29.12.14 | റീത്ത ബാബു, മമ്പുള്ളി ഹൗസ് |

പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഇത്തരത്തിൽ ധാരാളം കെട്ടിടത്തിൽ ഉള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സമയപരിധിക്കകം തീർപ്പുകൽപ്പിക്കാത്ത അപേക്ഷകൾ

പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ധാരാളം അപേക്ഷകളിൽ തീർപ്പുകൽപിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

ഉദാ:

1)അപേക്ഷാ നം. 7926/15,8.9.15 (അപേക്ഷകൻ-മോഹനൻ, പാണയിൽപുര)

2)അപേക്ഷാ നം. 9319/15,20.10.15(മുജീബ് റഹ്മാൻ, കുന്നാച്ചി)

3)അപേക്ഷാ നം. 173/7.1.16(രാജേന്ദ്രൻ, കാരംകോട്)

പെർമിറ്റ് അനുവദിക്കുന്നതിനുള്ള/നിരസിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 2-5 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

കെട്ടിടനിർമാണം റെഗുലറൈസ് ചെയ്യുന്ന സാഹചര്യങ്ങളിൽ പെർമിറ്റ് ഫീസിനോടൊപ്പം രണ്ടിരട്ടി തുക ഈടാക്കേണ്ടതാണെന്ന് 2011ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങളിലെ ചട്ടം -137(2) ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തസ്വഭവ(ആർ ഡി) വകുപ്പിന്റെ 11.11.15തീയതിയിലെ നം. 229813/RD2/15 കത്ത് പ്രകാരം പെർമിറ്റ് ഫീസിനോടൊപ്പം രാജിയാക്കൽ ഫീസായി പെർമിറ്റ്ഫീസിന്റെ രണ്ടിരട്ടികൂടി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ | പെർമിറ്റ് | ഉടമയുടെ | കെട്ടിട | വിസ്തൃതി | ഈടാക്കിയ | ഈടാ | കുറവ് |
|---|---|---|---|---|---|---|---|

| നം. | നം. | പേര് | ത്തിന്റെ തരം | (M2) | ഫീസ് | ക്കേണ്ട ഫീസ് | |
|---|---|---|---|---|---|---|---|
| 1 | 3648/15/ 22.4.15 | ഹരിദാസ്.എം, കോരത്ത് ഹൗസ്, വെട്ടുകളമ്പ് | റസിഡ ൻഷ്യൽ | 182 | | 1638 | 1638 |
| 2 | 3351/15, 7.4.15 | പി.എ. ശശി, പുളികളം ഹൗസ്, എണ്ണപ്പാടം | കൊമേഴ്ശ്യൽ | 109.98 | 330 | 550 | 220 |
| 3 | 7206/15, 13.8.15 | മഹേഷ്.എ, നെയ്യല, എരട്ടക്കുളം | റസിഡ ൻഷ്യൽ | 196.86 | - | 1772 | 1772 |
| 4 | 9262/15, 17.10.15 | ഭവദാസ്, പുഞ്ചക്കോട് | കൊമേഴ്ശ്യൽ | 21.83 | 131 | 327 | 196 |
| 5 | 9569/15, 2.11.15 | വിജ്ജ.കോതനാത്ത്, പള്ളത്തേരി | റസിഡ ൻഷ്യൽ | 262.88 | 1577 | 2366 | 789 |
| 6 | 6378/15, 24.7.15 | ബിന്ദു, തോട്ടക്കര | റസിഡ ൻഷ്യൽ | 116.64 | 700 | 1050 | 350 |
| 7 | 7182/15, 13.8.15 | സുദേവൻ, നെയ്യരക്കോട്, എലപ്പുള്ളി | റസിഡ ൻഷ്യൽ | 126.02 | 756 | 1134 | 378 |
| 8 | 9922/15, 23.11.15 | റീമ, പറക്കൽ, കപ്പിയോട്, എലപ്പുള്ളി | കൊമേഴ്ശ്യൽ | 126 | 1260 | 1890 | 630 |
| 9 | 5769/15, 17.11.15 | ശശിഭൂഷൻ, നവക്കോട് | കൊമേഴ്ശ്യൽ | 20 | 200 | 300 | 100 |
| 10 | 9997/15, 25.1.15 | അൻസാർബാഷ, അനീഷ മൻസിൽ | റസിഡ ൻഷ്യൽ | 134.33 | 806 | 1209 | 403 |
| 11 | 6387/15 ,7.1.16 | പ്രസന്ന, വേങ്ങോടി | റസിഡ ൻഷ്യൽ | 115.71 | 690 | 1041 | 351 |
| 12 | 10787/ 19.12.15 | മനോജ്കണ്ണൻകുട്ടി | കൊമേഴ്ശ്യൽ | 111.63 | 1160 | 1674 | 514 |
| 13 | 11020/15, 26.12.15 | അബ്ദുൾലത്തീഫ്, ഹസീന മൻസിൽ, കന്നാച്ചി | കൊമേഴ്ശ്യൽ | 120.42 | 1200 | 1807 | 607 |
| 14 | 640/16, 18.1.16 | പ്രഭാകരൻ, പള്ളത്തേരി | റസിഡ ൻഷ്യൽ | 109 | - | 1635 | 1635 |
| 15 | 833/16, 25.1.16 | അനൂപ് വിജയ്, രാമശ്ശേരി | റസിഡ ൻഷ്യൽ | 189.58 | - | 1706 | 1706 |
| 16 | 1023/15, 30.1.16 | ബാലസുബ്രഹ്മണ്യൻ, രാമശ്ശേരി | റസിഡ ൻഷ്യൽ | 103.50 | - | 932 | 932 |
| 17 | 1202/16, 9.2.16 | മോഹനൻ, കൃഷ്ണ ബേക്സ്, പാറ, എലപ്പുള്ളി | കൊമേഴ്ശ്യൽ | 145.66 | - | 2184 | 2184 |
| 18 | 1257/16, 9.2.16 | ജനകരാജ്. വടകോട്, എലപ്പുള്ളി | കൊമേഴ്ശ്യൽ | 198.1 | 1930 | 2972 | 1042 |
| 19 | 1524/16, 18.2.16 | സമീന.എ, പാറക്കുളം | റസിഡ ൻഷ്യൽ | 121.86 | 731 | 1097 | 366 |
| 20 | 1790/16, 25.2.16 | ഫാത്തിമ, കല്ലൻകോട്, വേങ്ങോടി | റസിഡ ൻഷ്യൽ | 198.98 | 612 | 1791 | 1179 |

| | | | | | | | |
|---|---|---|---|---|---|---|---|
| 21 | 1873/16, 26.2.16 | സജിതഹേമാംബിക, എണ്ണപ്പാടം, എലപ്പുള്ളി | റസിഡ ൻഷ്യൽ | 182.27 | - | 1640 | 1640 |
| 22 | 1990/16, 28.2.16 | അജിത്ത് ഭാസ്കരൻ, മണ്ണക്കാട്, എലപ്പുള്ളി | റസിഡ ൻഷ്യൽ | 328 FAR =.154 | - | 2952 | 2952 |
| ആകെ | | | | | | | 21584 |

കുറവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കണം

## 2-6 വ്യാപാരസ്ഥാപനങ്ങളുടെ ഷട്ടറുകൾക്ക് ഫീസ് ഈടാക്കുന്നില്ല

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(a), പട്ടിക II പ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി II ൽ ഉൾപ്പെട്ട കെട്ടിടങ്ങളിലെ ഷട്ടറുകൾക്ക് ഓരോന്നിനും 100 രൂപ പെർമിറ്റ് ഫീ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വ്യക്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ പ്ലാനിൽ കാണിച്ചിട്ടുള്ള ഷട്ടറുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉടമസ്ഥൻ | കെട്ടിട ഇനം | പെർമിറ്റ് നമ്പർ/ തിയതി | ഷട്ടറു കളുടെ എണ്ണം | ഈടാ ക്കേണ്ട തുക |
|---|---|---|---|---|
| റഷീദ് കുഞ്ഞീത്, തയ്യിൽ ഹൗസ് | വാണിജ്യം | 8218/ 15,4.15 | 2 | 200 |
| റീമ, പാറക്കൽ, കുപ്പിയോട് | വാണിജ്യം | 9922/ 23-11-15 | 4 | 400 |
| രാമചന്ദ്രൻ തീർത്ഥംപാടം | വാണിജ്യം | 1401/16, 4.5.16 | 8 | 800 |
| ആകെ | | | | 1400 |

കുറവായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്

## 2-7 വാർഷികവർദ്ധനവ് വരുത്താത്തതിനാൽ വാടകയിനത്തിൽ നഷ്ടം

കെട്ടിട നം.5/253 ൽ പ്രവർത്തിക്കുന്ന സർവിസ് സഹകരണ ബാങ്കിൽ നിന്നും 2014-15 വർഷത്തെ വാടകയായ 5882 രൂപ തന്നെയാണ് 2015-16 വർഷത്തിലും ഈടാക്കിയിട്ടുള്ളത്. വാർഷിക വർദ്ധനവ് വരുത്താത്തതുമൂലം പ്രതിമാസം 294 രൂപ പ്രകാരം ആകെ 3528 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. മറ്റുള്ള വാടകക്കാരിൽനിന്നെല്ലാം വർദ്ധനവ് വരുത്തിയ ഫീസ് ഈടാക്കിയപ്പോൾ ഈ സ്ഥാപനത്തിനു മാത്രം വാടക കുറവ് നിശ്ചയിച്ചതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വാടക ഈടാക്കുന്നതിൽ കുറവ് വന്ന തുക 3528 രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതാണ്.

വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 2-8 തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

1996 ലെ കേ പ രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യാപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

2) സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3) ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ലൈസൻസികളിൽ നിന്നും തൊഴിൽനികതി ഈടാക്കിയതായി കാണുന്നു. ട്രേഡേഴ്സിൽ നിന്നും ഈടാക്കിയ നികുതി സംബന്ധിച്ച് സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല.

4)താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികതി ഈടാക്കിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| ഗാർഡിയൻ പബ്ലിക് സ്കൂൾ | II | ജീവനക്കാരുടെ തൊഴിൽ നികുതി |
| വിഇഒ | II | ജീവനക്കാരുടെ തൊഴിൽ നികുതി |
| കൊട്ടിൽപുര മിൽക് സൊസൈറ്റി | I&II | സ്ഥാപന തൊഴിൽനികുതി |
| എലപ്പുള്ളി സർവീസ് സഹ.ബാങ്ക് | II | സ്ഥാപന തൊഴിൽനികുതി |
| കനറ ബാങ്ക്,എലപ്പുള്ളി | I&II | സ്ഥാപന തൊഴിൽനികുതി |
| മലബാർ ഡിസ്റ്റിലറീസ്,മേനോൻപാറ | I&II | സ്ഥാപന തൊഴിൽനികുതി |
| സിഡിഎസ് അക്കൗണ്ടന്റ് | II | ജീവനക്കാരുടെ തൊഴിൽ നികുതി |
| എക്സൽ കോറുഗേറ്റഡ് ബോക്സസ് | I&II | സ്ഥാപന തൊഴിൽനികുതി |
| നവഭാരത് സിസ്റ്റം ആന്റ് ഡിവൈസിസ് | I | സ്ഥാപന തൊഴിൽനികുതി |
| ബിഎസ്എൻഎൽ, എലപ്പുള്ളി | I&II | സ്ഥാപന തൊഴിൽനികുതി |
| വെന്തപാളയം കോ.ഓപ് മിൽക് സൊസൈറ്റി | II | സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും |
| പവർഗ്രിഡ് കോർപ്പറേഷൻ,പാറ | I&II | സ്ഥാപന തൊഴിൽനികുതി |
| സൗത്ത് ഇന്ത്യൻ ബാങ്ക്,എലപ്പുള്ളി | II | സ്ഥാപന തൊഴിൽനികുതി |
| മണപ്പുറം ഫിനാൻസ് | I&II | സ്ഥാപന തൊഴിൽനികുതി |
| ഇസാഫ് മൈക്രോഫിനാൻസ്& ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലി. | I&II | സ്ഥാപന തൊഴിൽനികുതി |
| ശ്രീരാമ ഇൻഡസ്ട്രീസ് | I&II | സ്ഥാപന തൊഴിൽനികുതി |

| | | |
|---|---|---|
| എ.എം.പോളിമേഴ്സ് | I&II | സ്ഥാപന തൊഴിൽനികുതി |
| എസ്.എ.പി അഗ്രിഗേറ്റ്സ് | I&II | സ്ഥാപന തൊഴിൽനികുതി |
| എക്സിം പൈപ്പ്സ് | I&II | സ്ഥാപന തൊഴിൽനികുതി |
| എ.ബി ഹാച്ചറീസ്,എലപ്പുള്ളി | I&II | സ്ഥാപന തൊഴിൽനികുതി |
| കോർബൽ പ്രീലാമിനേറ്റഡ്ബോർഡ്സ് | I&II | സ്ഥാപന തൊഴിൽനികുതി |

തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല.

## 2-9 ഡി&ഒ ലൈസൻസ് നൽകിയ കെട്ടിടത്തിന്റെ വസ്തുനികുതി റിവൈസ് ചെയ്യാത്തതിനാൽ നഷ്ടം

ആശുപത്രിപ്രവർത്തനങ്ങൾക്കായി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള അഹല്യ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷന്റെ വ്യപാരാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾക്ക് 2015-16 വർഷത്തേക്കുള്ള ഡി& ഒ ലൈസൻസ്സ് അനുവദിച്ചിട്ടുണ്ട്. 2011-12 വർഷത്തിൽ ആശുപത്രി എന്ന രീതിയിൽ അസസ് ചെയ്ത കെട്ടിടത്തിന്റെ അതേ നമ്പറിലാണ് ഡി&ഒ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളത്. ഈ കെട്ടിടങ്ങളിലെ ലൈസൻസ് ആവശ്യമായ ഭാഗങ്ങൾക്ക് സ്ഥാപനം അഡീഷണൽ നമ്പർ ആവശ്യപ്പെട്ടിരിക്കുന്നത് 2016-17 മെയ് മാസത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ നമ്പർ അനുവദിച്ച് വസ്തുനികുതി പുനർനിർണയിച്ചത് 2016 ജൂലൈ മാസത്തിലാണ്. വസ്തുനികുതി പുനർനിർണയിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചതുമൂലം കെട്ടിടനികുതിയിനത്തിൽ ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| പഴയ കെട്ടിട നം. | പുതിയ കെട്ടിട നം. | ഡി&ഒ എടുത്ത സ്ഥാപനം | ഡി&ഒ ക്രമ നം. | ഈടാക്കിയ ഫീസ് | രസീതി നം. | 2016-17 വർഷത്തിൽ നിശ്ചയിച്ച കെട്ടിട നികുതി | അസസ്മെന്റ് നം.തീയതി |
|---|---|---|---|---|---|---|---|
| 1/2011A | 9/721 | അഹല്യ ഡയബറ്റിക് ഫാർമസി | 148 | 500 | 1140311120102/ 10.3.15 | 15384 | 9/721,14.7.16 |
| 1/2011A | 9/723 | കേരളാ ഹെൽത്ത് കെയർ സ്റ്റേഷനറി | 151 | 500 | 1140311120708/ 10.3.15 | 14906 | 9/723,14.7.16 |
| 1/2011 | 9/724 | അഹല്യ ഡയബറ്റിസ് കാന്റീൻ | 150 | 500 | 1140311120506/ 10.3.15 | 52920 | 9/724,14.7.16 |
| 1/2011 | 9/726 | അഹല്യ ആയുർവേദാശുപത്രി കാന്റീൻ | 149 | 500 | 1140311120304/ 10.3.15 | 18150 | 9/726,14.7.16 |

| | | | | | | | |
|---|---|---|---|---|---|---|---|
| 1/1053 | 9/727 | അഹല്യ ഫൗണ്ടേഷൻ കണ്ണാശുപത്രി കാന്റീൻ | 147 | 500 | 1140311 19899/10.3.15 | 26362 | 9/726,14.7.16 |
| ആകെ നഷ്ടതുക | | | | | | 127722 | |

നഷ്ട തുക 127722 രൂപ ഈടാക്കേണ്ടതാണ്. മുൻവർഷത്തിലും ഇതുപോലെ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ കുടിശ്ശിക സഹിതം തുക ഈടാക്കേണ്ടതാണ്.

## 2-10 വസ്തുനികുതി ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

വസ്തുനികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും 31.3.16 തീയതിയിലെ ഡിമാന്റ് , അരിയർതുകകൾ വ്യക്തമാക്കുന്നതിന് വസ്തുനികുതി ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. തയ്യാറാക്കിയ വാർഷികസംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.2015-16 വർഷത്തിൽ സെപ്തംബർ മാസം വരെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ എഴുതിയിട്ടില്ല.

## 2-11 അഹല്യ ഇന്റർനാഷണൽ ഫൌണ്ടേഷന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി അസസ്ചെയ്തത് പുനപരിശോധിക്കണം.

എലപ്പുള്ളി, വടകരപ്പതി, പുതുശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന അഹല്യ ഇന്റർനാഷണൽ ഫൌണ്ടേഷന്റെ കീഴിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ കൃത്യമായ അതിർത്തി വ്യക്തമാക്കുന്നതിനായി കൃത്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള മാസ്റർപ്ലാൻ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ഏതെങ്കിലും സ്ഥാപനങ്ങൾ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക പ്രയാസകരമാണ്. ഓരോ നിർമാണപ്രവർത്തനത്തിനും മറ്റ രണ്ട് പഞ്ചായത്തുകളിൽ നിന്നും എൻ ഒ സി വാങ്ങുന്നില്ല. ഈസ്ഥാപനത്തിന്റെ പ്രമുഖസ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് 2011-12 വർഷത്തിലാണ്. കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതിന്റെയും വസ്തുനികുതി നിശ്ചയിച്ചതിന്റെയും ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി അസസ് ചെയ്ത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടുള്ളത് വിലയിരുത്തുന്നതിനായി ഡെപ്യൂട്ടി ഡയറക്റുടെ നേതൃത്വത്തിൽ ഓഡിറ്റ് ക്യാമ്പംഗങ്ങളും പഞ്ചായത്ത് പ്രതിനിധികളും എൽ എസ് ജി ഡി എഞ്ചിനീയറും ഉൾപ്പെടെ 9.11.12 തീയതിയിൽ സ്ഥാപനം സന്ദർശിക്കുകയുണ്ടായി. അഹല്യ കണ്ണാശുപത്രി, ഡയബറ്റിസ് ഹോസ്പിറ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയാണ് പരിശോധനക്ക് വിധേയമാക്കിയത്.

പരിശോധനയിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിശ്ചയിച്ചതിൽ വ്യത്യാസമുള്ളതായി കണ്ടെത്തി.

അഹല്യ ഡയബറ്റിക് ഹോസ്പിറ്റൽ

ഈ സ്ഥാപനത്തിന് 1/2011A ( പുതിയനം.9/687) എന്ന നമ്പറിൽ 2006-07 വർഷത്തിലാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി അസസ് ചെയ്യുന്നതിനായി കെട്ടിടത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് 11420 മീറ്റർസ്ക്വയറാണ്. 2006-07 വർഷത്തിൽ വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ 54000 രൂപയാണ് വസ്തുനികുതി നിശ്ചയിച്ചിരുന്നത്. 2013 വർഷത്തിൽ വസ്തുനികുതി പരിഷ്കരണം നടത്തിയപ്പോൾ മേഖലകളുടെ അടിസ്ഥാനത്തിൽ 20% ഉം കെട്ടിടത്തിന്റെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ 10 % ഉം ഇളവും റോഡ് സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 68520 രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രാദേശിക പരിശോധനയിൽ എൽ എസ് ജിഡി എഞ്ചിനീയർ അളവെടുത്തപ്പോഴും പ്ലാൻ പരിശോധിച്ചതിലും 13532 മീറ്റർ സ്വയർ ഉള്ളതായി കണ്ടെത്തി. അടിസ്ഥാനവസ്തുനികുതി 5 രൂപ നിരക്കിൽ പ്രതിവർഷം 10560 രൂപ വീതം നഷ്ടമുണ്ടായിട്ടുണ്ട്. ഈ കെട്ടിടത്തിൽ സെന്ററലൈസ്ഡ് എയർകണ്ടീഷൻ പ്രവർത്തിക്കുന്നതായും കണ്ടു. അസസ് ചെയ്തപ്പോൾ കുറവായ 2112 മീറ്റർസ്ക്വയറിന്റെയും എയർ കണ്ടീഷണിംഗിന്റെയും അടിസ്ഥാനത്തിൽ വസ്തുനികുതി പുന:ക്രമീകരിച്ച് കുറവ് വന്ന തുക 2015-16 വർഷം വരെയുള്ള കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

സ്റ്റാഫ് ക്വാർട്ടേഴ്സുകൾ

21 സ്റ്റാഫ് ക്വാർട്ടേഴ്സുകളാണ് അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ളത്. സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം ഒരുനിലകെട്ടിടമെന്ന രീതിയിൽ താഴത്തെനിലമാത്രമാണ് എല്ലാ കെട്ടിടത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്. നേരിൽ പരിശോധിച്ചതിൽ ഓരോ കെട്ടിടത്തിലും നാല് കുടുംബങ്ങൾക്ക് താമസിക്കുന്നതിനുള്ള നാല് ഭാഗങ്ങളുള്ളതുമായ ഇരുനിലകെട്ടിടങ്ങളാണെന്ന് കാണുന്നു. കെട്ടിടത്തിലൊന്നിലും

ഗ്രാമപഞ്ചായത്തിന്റെ കെട്ടിടനമ്പർ പതിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ വിവിധ വിസ്തൃതിയിലുള്ള കെട്ടിടങ്ങളാണ്. കെട്ടിടനമ്പറിന്റെ അഭാവത്തിൽ ഏത് കെട്ടിടമാണെന്ന് പ്രാദേശിക പരിശോധനസമയത്ത്കണ്ടെത്താൻ കഴിയാത്തതിനാൽ കെട്ടിടത്തിന്റെ വസ്തുനികുതി നിശ്ചയിച്ചത് ക്രമപ്രകാരമാണോയെന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞില്ല.

കാറ്റാടി യന്ത്രങ്ങൾ

അഹല്യ കണ്ണാശുപത്രിയുടെയും ഡയബറ്റിസ് ആശുപത്രിയുടെയും സമീപ പ്രദേശത്തായി 1x2.1MW ശേഷിയുള്ള നാലു കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞു. എന്നാൽ കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്ന് പെർമിറ്റ് എടുക്കുന്നതിന് അപേക്ഷ നൽകുകയോ പെർമിറ്റ് എടുക്കുകയോ ചെയ്തിട്ടില്ല. കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചതിന്റെ ഫോട്ടോ ചേർക്കുന്നു.








കെട്ടിടങ്ങൾക്ക് നമ്പർ പതിച്ചിട്ടില്ലാത്തതിനാൽ ഏതെങ്കിലും കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് മനസിലാക്കുക പ്രയാസമാണ്. ആയതിനാൽ അഹല്യ കാമ്പസിൽ സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി അസസ് ചെയ്തിട്ടുള്ളത് കൃത്യമാണോയെന്ന് വിലയിരുത്തി അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവു വിളക്കുകളുടെ മെയിന്റനൻസ് - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്റ്റ് നം. 241/15-16 –

തെരുവ് വിളക്കുകളുടെ മെയിന്റനൻസ് എന്ന പദ്ധതിയിൽ ജഗദീഷ് കുമാർ.പി., ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് മെയിന്റനൻസ് ചെയ്ത തുകയായി AMC പ്രകാരം 426787/- രൂപ തനതു ഫണ്ടിൽ നിന്നും ചെക്ക് നം. 2609359/29.3.16 പ്രകാരം പിൻവലിച്ച് ഡി.ഡി. നം.609359/29.3.16 പ്രകാരം നൽകിയിട്ടുണ്ട്. AMC വിളിക്കുന്നതിന വേണ്ടി പഞ്ചായത്ത് നൽകിയ കത്ത് പ്രകാരവും തെരുവു വിളക്കുകളുടെ കറന്റ് ചാർജ് സംബന്ധിച്ച് KSEB സമർപ്പിക്കുന്ന ഇൻവോയ്സ് പ്രകാരവും CFL 11W 271 എണ്ണവും ഓർഡിനറി CFL 153 എണ്ണവും ആണ്. എന്നാൽ തെരുവു വിളക്കുകൾ കേടുപാടുകൾ തീർത്തു സമർപ്പിച്ചു എന്ന് ഇലക്ട്രിക്കൽ കോൺട്രാക്ടർ സമർപ്പിച്ച ബിൽ പ്രകാരം CFL 11W – 363 എണ്ണവും ഓർഡിനറി CFL 397 എണ്ണവും ആണ് ഉള്ളത്. അതു പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. അധികമായി തുക നൽകിയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/3.11.16ന് ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന ഓർഡിനറി ബൾബുകൾ കേടു വരുന്ന മുറയ്ക്ക് മാറ്റി സി.എഫ്.എൽ. ബൾബുകൾ ഇട്ടതു കാരണമാണ് എണ്ണത്തിൽ വ്യത്യാസം വരാൻ കാരണമായത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓർഡിനറി ബൾബിന് 49/-രൂപ പ്രകാരം 690 ബൾബിന് 33810/- രൂപയും CFL ബൾബിന് 14/- രൂപ പ്രകാരം 2142/- (153x14), 3794/- (271x14) രൂപയുമാണ് KSEB കറന്റ് ചാർജ് ഇനത്തിൽ ഈടാക്കുന്നത്. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഓർഡിനറി ബൾബുകൾക്കു പകരം CFL ബൾബുകൾ മാറ്റിയിട്ടത് എന്ന മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. കാരണം ഓഡിറ്റ് കാലയളവു വരെ 690ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജ് തന്നെയാണ് പഞ്ചായത്ത് KSEBയിൽ അടവാക്കുന്നത്. കൂടാതെ കറന്റ് ചാർജ് കുറക്കുന്നതിനുവേണ്ടി പഞ്ചായത്ത് കെ.എസ്.ഇ.ബി. യോട് ആവശ്യപ്പെട്ടിട്ടുമില്ല.

കെ.എസ്..ഇ.ബി. അസി. എക്സി. എൻജിനീയറുടെ സാക്ഷ്യപ്പെടുത്തലിൽ ലൈറ്റ് തിരിച്ചുള്ള സാക്ഷ്യപത്രമില്ല, മറിച്ച് കരാറുകാരൻ അവകാശപ്പെട്ട വിളക്കുകളെല്ലാം നന്നാക്കിയിട്ടുണ്ടെന്നാണ്.ഇത് ഓഡിറ്റിൽ അംഗീകരിക്കാൻ സാധ്യമല്ല. നേരെയാക്കിയ വിളക്കുകൾ സംബന്ധിച്ചുള്ള വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ വിവരങ്ങൾ ഒന്നും രേഖപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നു.

പഞ്ചായത്ത് നാളിതു വരെ KSEBയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. അതിനാൽ KSEBയുമായി സംയുക്ത പരിശോധന നടത്തി കറന്റ് ചാർജ് ഇനത്തിൽ അടവാക്കുന്ന അമിത തുക ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ തെരുവു വിളക്കുകളുടെ മെയിന്റനൻസ് ഇനത്തിൽ ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് നൽകിയ അധിക തുക (500x363+350x397=181500+138950 -500x271+153x350=135500+53550) *[320450-189050]* തിരിച്ചീടാക്കേണ്ടതാണ്. അതുവരെ 1,31,400.00 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

അപാകതകൾ പരിഹരിച്ച് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ ഇൻഫർമേഷൻ, കരിയർ ഗൈഡൻസ്, എംപ്ലോയ് മെന്റ് സെന്റർ - പദ്ധതി നടപ്പിലാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊ.നം. എസ്.ഒ.104/16

അടങ്കൽ - 150000

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ ഇൻഫർമേഷൻ, കരിയർ ഗൈഡൻസ്, എംപ്ലോയ് മെന്റ് സെന്റർ എന്ന പദ്ധതി നടത്തിപ്പിനു വേണ്ടി ട്രഷറി ബിൽ നം. 33/31.3.16 പ്രകാരം 50000/- രൂപ പിൻവലിച്ച് ഒരു കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയിട്ടുണ്ട്. ഈ കമ്പ്യൂട്ടറും പ്രിന്ററും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. 15-16 വർഷം സ്പിൽ ഓവർ പ്രൊജക്ടായി നടപ്പാക്കിയ പ്രൊജക്ടിന്റെ തുടർ നടപടികൾ 16-17 വർഷത്തിലും നടപ്പാക്കിയിട്ടില്ല. പ്രൊജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നടപ്പിലാക്കാതെ കമ്പ്യൂട്ടറും പ്രിന്ററും മാത്രം വാങ്ങി തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/3.11.16ന് "പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി കമ്പ്യൂട്ടർ, പ്രിന്റർ എന്നീ ഉപകരണങ്ങൾ വാങ്ങുകയുണ്ടായി. ആയതിനു ശേഷം ഒരു ലക്ഷം രൂപയാണ് ബാക്കിയുണ്ടായിരുന്നത്. എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും (ഏകദേശം 8000-ത്തോളം കുടുംബങ്ങൾ) സർവേ നടത്തി ഡാറ്റാ ശേഖരിച്ച് ആയത് കമ്പ്യൂട്ടർവൽക്കരിച്ച് സമഗ്ര ഡാറ്റാ ബാങ്കുണ്ടാക്കുന്നതിന് മേൽതുക അപര്യാപ്തമായതിനാൽ, ആയതു സംബന്ധിച്ച് സമഗ്ര വിലയിരുത്തൽ നടത്തി ആവശ്യമായ തുക കണ്ടെത്തി വകയിരുത്തിയശേഷം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുതിയ ഭരണ സമിതി നിർദ്ദേശിക്കുകയുണ്ടായി. ആയതു പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണെന്ന്" മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി തുടർ പ്രവർത്തനങ്ങൾ നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന പദ്ധതികളുടെ നടത്തിപ്പിനു വേണ്ടി തുകകൾ നൽകിയിട്ടുണ്ട്.

| ക്രമനം. | പ്രൊജക്റ്റ് നം., പേര് | ട്രഷറി ബിൽ നം., തുക | തുക നൽകിയ ഡി.ഡി.നം., തിയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 3/15-16<br>സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് വിഹിതം | 13/29.3.16 – ₹.200000/- | 134696/17.3.16 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം |
| 2 | 243/15-16<br>തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി | 14/9.3.16 - ₹.350000 | 134694/17.3.16 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട് |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 വിവിധ പർച്ചേസുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല

പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം വാങ്ങലുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ആയതിനാൽ ടി വാങ്ങലുകൾ നിയമാനുസൃതമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | ട്രഷറി ബിൽ നം. തിയതി | തുക |
|---|---|---|---|
| 104 | | 33/31.3.16 | 50000 |
| 105 | | 10/9.2.16 | 297471 |
| 107 | | 32/31.3.16 | 18900 |
| 108 | | 21/26.3.16 | 144060 |
| 241 | | 2609350/31.3.16 (Cheque no.) | 450000 |
| 257 | | 29/28.3.16 | 300000 |
| 261 | | 15/18.3.16 | 743500 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/8.11.16ന് 2015-16 വർഷത്തിൽ പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിരുന്നില്ല. 25.2.16ൽ അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് ലഭിച്ച പരിമിതമായ സമയ പരിധിക്കുള്ളിൽ പദ്ധതി ചെലവുകൾ ചെയ്യേണ്ട സാഹചര്യമാണുണ്ടായിരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട സമാഹരണ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-5 സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല- അസി. സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടുകളുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് 2015-2016 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി മുഖേന നടപ്പാക്കിയ പ്രൊജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിൽ സബ്സിഡി മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ സ.ഉ. (കൈ) 362/ 13 ത.സ്വ.ഭ.വ തീ. 16.11.13. ഖണ്ഡിക 7ൽ. ഉപഖണ്ഡിക 18 -ൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെതെരഞ്ഞെടുക്കുകയോ അന്തിമ മുൻഗണനാ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. വിവിധ വാർഡുകളുടെ ഗ്രാമസഭാ മിനട്സ് രജിസ്റ്ററുകളിലും അന്തിമ മുൻഗണനാ

ലിസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല.

ബഹു. കേരളാ ഹൈക്കോടതി , 1997 ഏപ്രിൽ മാസം 4-ാം തീയ്യതി പുറപ്പെടുവിച്ച 18175/ 1996നമ്പർവിധിയിൽ,ഗുണഭോക്താക്കളെതെരഞ്ഞെടുക്കുന്ന സംഗതിയിൽ , പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പരമാധികാര സ്ഥാനങ്ങൾ അല്ല എന്നും ഗ്രാമ സഭകൾ തെരഞ്ഞെടുത്ത ഗുണഭോകതൃ പട്ടിക അംഗീകരിക്കാനുള്ള അധികാരസ്ഥാനങ്ങൾ മാത്രമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റിന് 26.02.16 -ലെ 1 (7)നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് സമിതി നേരിട്ട് അംഗീകാരം നൽകിയതായാണ് കാണുന്നത്.

(2) ഇതിനു പുറമേ, സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന രേഖകളും ലഭ്യമാക്കാതെയാണ് ധനസഹായം നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റിന്റെ നമ്പറും പേരും | അടങ്കൽ തുക | ചെലവുതുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| (1) | (3) | (4) | (5) | (6) |
| 2 | 95/16<br>എസ്.സി.വീട് റിപ്പയർ<br>ഗുണഭോക്താക്കളുടെ എണ്ണം- 31 യൂണിറ്റ് കോസ്റ്റ്<br>20000 | ആകെ<br>1440000<br>(2014-2015)<br>720000<br>2015-2016-720000) | ആകെ 620000രൂപ<br>(A) ബിൽ നം02/14-15 തീ. 117.03.15 തുക 200000<br>(B) ബിൽ നം 03/14-15 തീ. 24.03.15 തുക100000 രൂപ<br>(C) ബിൽ നം. 01/15-16 .തീ. 21.08.15 തുക 310000 രൂപ<br>(D) ബിൽ നം 05/15-16 തീ. 31.03.16<br>തുക 10000 രൂപ | (1)ഗ്രാമ സഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ്<br>(2)തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കഴിഞ്ഞ 12 വർഷമായി വീട് നിർമാണത്തിന് ധനസഹായം നൽകിയിട്ടില്ലെന്നും, കഴിഞ്ഞ 8 വർഷത്തിനുള്ളിൽഭവനം പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടില്ലെന്നുമുള്ള സാക്ഷ്യ പത്രം .<br>(3) തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട് ബാങ്കിൽ ലഭിച്ച രേഖകൾ. |
| 2 | ആശ്രയ വീട് നിർമാണം | 500000 | 500000 | (1) ധനസഹായം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ<br>(2) അക്വിറ്റൻസ് രജിസ്റ്റർ<br>(3) തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്നതിന് ബാങ്കിൽ നിന്ന് ലഭിച്ച രേഖകൾ. |

| | | | | |
|---|---|---|---|---|
| | | | | |
| 3 | IAY അധിക വിഹിതം. | 1680000 | 1680000 | (1) ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്<br>(2) തുക കൈമാറിയ ചെക്ക്/ ഡി.ഡി. വിശദാംശങ്ങൾ<br>(3) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യ പത്രം |

മേൽ പറഞ്ഞ വസ്തുതകളിന്മേൽ വിശദീകരണവും രേഖകളും ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾ ( നമ്പർ 01/ 03-11-16. 11/16 തീ. 04.11.16 ) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നല്കിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയുണ്ടായില്ല.

ആയതിനാൽ സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്കു വിരുദ്ധമായും മതിയായ രേഖകൾ ലഭ്യമാക്കാതെയും നിർവ്വഹിച്ച പ്രൊജക്ടുകളുടെ2800000 രൂപയുടെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 രേഖകൾ ഹാജരാക്കാത്തതിനാൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹിച്ച പ്രൊജക്ടുകളുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു

2015-2016 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹിച്ച പ്രൊജക്ടുകൾ- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.

| ക്രമനം | പ്രൊജ.നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക, ബിൽ നം, തീയ്യതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 2 | 27/ 16 | അതുല്യം പദ്ധതി | 37650 രൂപ | 37650<br>നം 04/16 തീ. 29.06. 15 | പഠിതാക്കൾക്ക് പുസ്തകം വാങ്ങി വിതരണം ചെയ്യപ്പെട്ടത് സംബന്ധിച്ച രേഖകൾ |

മേൽ പറഞ്ഞ രേഖകൾ 05.11.16നകം ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന്, പുസ്തകങ്ങൾ സാക്ഷരതാ മിഷനിൽ നിന്നും എത്രയും വേഗം ലഭ്യമാക്കി വിതരണം ചെയ്യുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചു. , ആയതിനാൽ ചെലവു തുക പ്രൊജക്ട് നിർദ്ദേശപ്രകാരം വിനിയോഗിച്ചതിന്റെ ആധികാരിക രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ചെലവു തുക 37650 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പദ്ധതി ഫണ്ട് വിനിയോഗിക്കാത്തതിനാൽ ലാപ്സായി

2015-16 വർഷത്തിൽ സർക്കാർ അനുവദിച്ച പദ്ധതിഫണ്ട് പദ്ധതികൾക്ക് വിനിയോഗിക്കാത്തതു മൂലം താഴെപ്പറയുന്ന പ്രകാരം ഫണ്ട് ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 27917471 |
| വികസനഫണ്ട് (എസ്.സി.പി) | 8593328 |
| വികസനഫണ്ട് (ടി.എസ്.പി) | 57000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9709135 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 5947354 |
| 14-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6925224 |
| പെർഫോമൻസ് ഗ്രാന്റ് | 2805205 |
| ആകെ | 61954717 |

ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക മുഴുവനായി വിനിയോഗിക്കാത്തതു മൂലം ₹.61954717 ലാപ്സാവുകയും സർക്കാരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2015-16 വർഷത്തെ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചത് 2016 ഫെബ്രുവരി മാസം 25-ാം തിയതിയാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി സംബന്ധമായി ബഹു. കേരള ഹൈക്കോടതി മുൻപാകെ കേസ് ഉണ്ടായിരുന്നത് 2016 ഫെബ്രുവരി മാസത്തിലാണ് തീർപ്പാക്കിയത്. കൂടുതൽ പ്രവൃത്തികളും അസിസ്റ്റന്റ് എഞ്ചിനീയറുടേതായതിനാൽ നടപടി ക്രമം പൂർത്തീകരിച്ച് ടെണ്ടർ ചെയ്യുന്നതിന് മതിയായ സമയം ലഭിക്കുകയുണ്ടായില്ല. കൂടാതെ ഇലക്ഷൻ നടപടികൾ തുടങ്ങുന്നതിന് കാലതാമസം വന്നതും , കരാറുകാരുടെ ഭാഗത്തു നിന്നുള്ള ഉദാസീനത തുടങ്ങിയ കാരണങ്ങൾ കൊണ്ട് സ്പിൽ ഓവർ പ്രവർത്തികൾ ഉൾപ്പെടെയുള്ളവയുടെ പൂർത്തീകരണം സാധിക്കാതെ വന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-8 എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നടപ്പിലാക്കിയ IAY അധിക വിഹിതം പ്രൊജക്ട് - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

പ്രൊക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ചെലവു തുക<br>ബിൽ നം , തീയ്യതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

| | | | | |
|---|---|---|---|---|
| 1 | 11/ 16 | IAY അധിക വിഹിതം<br>( വി.ഇ.ഒ) | ബിൽ നം(1) 01/16 തീ. 22.03.16<br>തുക 680000 രൂപ<br>(2) ബിൽ നം<br>04/31.03.16<br>325000 രൂപ | (1) തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ രേഖകൾ<br>(2) തുകയുടെ വിനിയോഗ സാക്ഷ്യ പത്രം. |

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-9 സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല- വി.ഇ.ഒ നിർവ്വഹിച്ച പ്രൊജക്ടുകൾ - ചെലവു തുക തടസ്സപ്പെടുത്തുന്നു.

എളപ്പുള്ളി ഗ്രാമ പഞ്ചായത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2015-2016 സാമ്പത്തിക വർഷത്തിൽ ഭവനം പുനരുദ്ധാരണത്തിനു വേണ്ടി 2 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(A)പ്രൊജക്റ്റ് നം. 234/ 16

പ്രൊജക്ടിന്റെപേര് വീട് റിപ്പയർ(ജ- സ്പിൽ ഓവർ)

ഗുണഭോക്താക്കളുടെ എണ്ണം 4

അടങ്കൽ 165000 രൂപ (2014-2015)

165000 രൂപ ( 2015-2016)

ആകെ
ചെലവ് (1) 30000 രൂപ ( ബിൽ നമ്പർ 02/15

തീ. 30.03.15

(2) 30000 രൂപ ( ബിൽ നമ്പർ 03/16 തീ. 26.03.16)

(B) പ്രൊജക്റ്റ് നം. 235/ 16

പ്രൊജക്ടിന്റെപേര് വീട് റിപ്പയർ(വനിത സ്പിൽ ഓവർ)

ഗുണഭോക്താക്കളുടെ എണ്ണം 12

അടങ്കൽ (1) 165000 രൂപ ( 2014-2015)

(2) 165000 രൂപ ( 2015-2016)

ആകെ 330000 രൂപ

ചെലവ് (1) 90000 രൂപ( ബിൽ നമ്പർ 03/16. 30.03.15)

(2)90000 രൂപ ( ബിൽ നമ്പർ 02/16 തീ. 26.03.16 )

ആകെ 180000 രൂപ

ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 362/ 2013 ത.സ്വ.ഭ.വ തീ. 16.11.13, സർക്കാർ ഉത്തരവ് 4/ 2016 തീ. 11.01 2016 എന്നിവ പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

(1)ഈ പ്രൊജക്ടിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതു സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ല. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7. 18 -ൽ നിർദ്ദേശപ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട

നടപടിക്രമങ്ങൾ പാലിക്കുകയോ , അന്തിമ മുൻഗണനാ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഭരണ സമിതി നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിന് നിയമസാധുതയില്ലാത്തതിനാൽ ഈ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാനാവില്ല.

(2)വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം. ഇത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല.

(3) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റേയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

(4) പഞ്ചായത്തിന്റെ പൊതുമരാമത്ത് വിഭാഗം അസി.എഞ്ചിനീയർ/ ഓവർസിയറിൽ നിന്നും ലഭിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ പ്രകാരം മാത്രമേ ധനസഹായം വിതരണം ചെയ്യാവൂ. എന്നാൽ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(5)തുക ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. എന്നാൽ ഗുണഭോക്താവിന്റെ പേരിൽ മാത്രമാണ് തുക നൽകിയിരിക്കുന്നത്.

(6) പുതിയ വീട് നിർമിച്ച് 12 വർഷം കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിനർഹതയുള്ളൂ.ഇത്തരത്തിൽ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

(7) മുമ്പ്, ഭവനം പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ 6 വർഷത്തിനു ശേഷം മാത്രമേ ഈയിനത്തിൽ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഈ നിബന്ധനയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഇപ്രകാരം,എസ്റ്റിമേറ്റ്,വാല്യുവേഷൻ,നിശ്ചയിക്കപ്പെട്ട മുൻകാലയളവിൽ സാമ്പത്തികാനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന രേഖകൾ എന്നിവ ലഭ്യമാക്കാതെയാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുള്ളത്.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയ്യതി |
|---|---|---|---|
| 1 | ബൽക്കീസ് w/o മീരാസാഹിബ് , കാക്കത്തോട് , എലപ്പുള്ളി | 7500<br>7500 | 056319/ 30.03.15<br>136768/ 24.03.16 |
| 2 | മീനാക്ഷി w/o വേലായുധൻ<br>തോട്ടുമ്പുള്ളി , തേനാരി. | 7500<br>7500 | 0563120 30.03.15<br>136768/ 24.03.16 |
| 3 | കുപ്പാൾ, w/o അറുമുഖ മുതലി<br>തേനാരി, മുതലിത്തറ | 7500<br>7500 | 056320/ 30.03.15<br>136769/ 24.03.16 |
| 4 | സരോജിനി, d/o ആറു,<br>കുറ്റിയംപാക്ക്, തേനാരി | 7500<br>7500 | 056322/ 30.03.15<br>136771/ 24.03.16 |
| 5 | ദാക്ഷായണി, w/o സ്വാമിനാഥൻ, താഴെ പോക്കാൻ തോട് , എട്ടുപ്പുകുളം | 7500<br>7500 | 056323/ 30.03.15<br>136772/ 24.03.16 |
| 6 | ശിലോമണി, w/o കൃഷ്ണൻ, കല്ലങ്കാട് എലപ്പുള്ളി | 7500<br>7500 | 056324/ 30.03.15<br>136773/ 24.03.16 |
| 7 | രുഗമിണി, D/o ചെല്ലൻ, കന്നുംപാറ, എലപ്പുള്ളി, | 7500<br>7500 | 056325/ 30.03.15 |

| | | | |
|---|---|---|---|
| | | | 136776/ 24.03.16 |
| 8 | പാർവ്വതി, W/O ശിവരാമൻ, മുതലിത്തറ , വേങ്ങോടി | 7500<br>7500 | 056326/ 30.03.15<br>136775/ 24.03.16 |
| 9 | പാർവ്വതി, W/O ബാലൻ, കമ്മാന്തറ, പേട്ട, എലപ്പുള്ളി | 7500<br>7500 | 056327/ 30.03.15<br>136776/ 24.03.16 |
| 10 | രാജമ്മാൾ ,W/O കാളി,<br>പരിക്കല്ലൂറ്റ്ചള്ള, മേനോൻപാറ | 7500<br>7500 | 056328/ 30.03.15<br>136777/ 24.03.16 |
| 11 | ചെല്ലക്കുട്ടി<br>W/Oമാധവൻ, മാണിക്കത്ത്കുളം എലപ്പുള്ളി | 7500<br>7500 | 056329/ 30.03.15<br>136778/ 24.03.16 |
| 12 | ഹൃദയമ്മാൾ W/o ഹൃദയസ്വാമി, കോഴിപ്പാറ<br>എലപ്പുള്ളി | 7500<br>7500 | 056330/ 30.03.15<br>136779/ 24.03.16 |
| ഭവനം റിപ്പയർ (ജ) | | | |
| 1 | രാമചന്ദ്രൻ, S/O പഴണിയപ്പമുതലി, മുതലിത്തറ, വേങ്ങോടി | 7500<br>7500 | 056316/ 30.03.15<br>136781/ 24.03.16 |
| | അത്തർ, W/O വെള്ളപ്പ റാവുത്തർ, കോവിൽപാളയം, രാമശ്ശേരി | 7500<br>7500 | 056317/ 30.03.15<br>136782/ 24.03.16 |
| | കണ്ടുണ്ണി, S/O ആറു,<br>വെളിയമ്പള്ളം, നല്ലേപ്പിള്ളി | 7500<br>7500 | 056318/ 30.03.15<br>136783/ 24.03.16 |
| | കുട്ടപ്പനാശാരി, S/O അറുമുഖൻ, പേട്ട<br>എലപ്പുള്ളി | 7500<br>7500 | 056315/ 30.03.15<br>136780/ 24.03.16 |
| ആകെ തുക | | 240000 രൂപ | |

സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് ധനസഹായം നൽകിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് 03.11.2016 ന് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ( നമ്പർ 03/03.11.16 , 12/04.11.16 )നിർവ്വഹണോദ്യോഗസ്ഥർ മറുപടി സമർപ്പിച്ചില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് പ്രൊജക്ട് നിർവ്വഹണം നടത്തിയതിനാൽ ഈയിനത്തിലെ 240000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 അംഗൻവാടികൾക്ക് പാചക വാതക വിതരണം- ഗാർഹിക കണക്ഷൻ - സബ്സിഡി തുക ലഭിക്കുന്നില്ല.

എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന36 അംഗൻവാടികളിൽ പാചക വാതക കണക്ഷനുള്ള 32 അംഗൻ വാടികളിൽ പാചക വാതകം ലഭ്യമാക്കുന്നത് ഗാർഹിക കണക്ഷൻ അടിസ്ഥാനത്തിലാണ്. ഓരോ അംഗൻവാടിയും ശരാശരി രണ്ട്മാസത്തിലൊരിക്കൽ പാചകവാതക സിലിണ്ടർ റീ-ഫിൽ ചെയ്യുന്നുണ്ട്.

എന്നാൽ ഗാർഹിക കണക്ഷൻ രീതിയിൽ പാചകവാതകം നിറച്ച് വാങ്ങുമ്പോൾ സബ്സിഡിയിനത്തിൽ നിയമാനുസൃതമായി ലഭിക്കേണ്ട ഭീമമായ തുക പഞ്ചായത്തിന് ലഭ്യമാകാതെ പോകുന്നു.

അംഗൻവാടികൾക്ക് അനുവദിക്കപ്പെട്ട പാചകവാതക കണക്ഷൻ ആധാർനമ്പറുമായി ബന്ധിപ്പിക്കാതെ സബ്സിഡി ആനുകൂല്യം ലഭ്യമാക്കാൻ കഴിയുകയില്ല എന്ന് എണ്ണക്കമ്പനികൾ അറിയിച്ചതായി നിർവ്വഹണോദ്യോഗസ്ഥ പറയുന്നു. അംഗൻവാടി പ്രവർത്തകരുടെ ആധാർ നമ്പറിൽ അവരുടെ വ്യക്തിഗത കണക്ഷൻ നിലവിലിരിക്കെ അത് സാധ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ സാങ്കേതികമായ പ്രതിസന്ധി മറികടക്കാൻ ക്രിയാത്മകമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 3-11 കുടുംബശ്രീ വിവിധ അക്കൗണ്ടുകളിലവശേഷിക്കുന്ന മൂത നിക്ഷേപം- തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കണം.

കുടുംബശ്രീ വിവിധ അക്കൗണ്ടുകളിലവശേഷിക്കുന്ന മൂത നിക്ഷേപം- തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കണം.

| ക്രമനം | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പറും | അവശേഷിക്കുന്ന തുക | തുകയനുവദിച്ച ഏജൻസി |
|---|---|---|---|
| 1 | കനറാ ബാങ്ക്, എലപ്പുള്ളി ശാഖ നമ്പർ 1061101011051 | 50000 രൂപ | എസ്.സി. ഭവന നിർമാണത്തിനുവേണ്ടി ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക.<br>തീയ്യതി- 28.06.06 |
| 2 | ടി | 10000 രൂപ | സംയുക്ത ഭവന നിർമാണം.<br>ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക- തീ .13.3.07 |
| 3 | ടി | 80000 രൂപ | എസ്.സി. ഭവന നിർമാണം ( വനിത) പ്രൊജക്ടിനു വേണ്ടി ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക. തീ. 18.04.07 |
| 4 | ടി | 200000 രൂപ | എസ്.സി. ഭവനം വനിത<br>പ്രൊജക്ടിനു വേണ്ടി ജില്ലാ പഞ്ചായത്ത് നൽകിയ തുക<br>തീ. 10.05.07 |
| 5 | ടി | 70000 രൂപ | ആശ്രയ ഭവനം (ജ) പ്രൊജക്ട്- ധനസഹായം നൽകുന്നതിനനുവദിച്ച തുക. തീ. 01.07.07 |

ക്യാഷ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം, വിനിയോഗിക്കാതെ അവശേഷിക്കുന്ന ഈ തുക അതത് ശീർഷകത്തിലൊടുക്കി വിവരം, തെളിവു സഹിതം, ഓഡിറ്റിനെഅറിയിക്കേണ്ടതാണ്.

## 3-12 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് - നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നുംഎഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ ആകെ 30971/- രൂപ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| പ്രൊജക്റ്റ്,പിഎസി, /കരാറുകാരൻ | എഗ്രിമെന്റ് വെച്ചത്/പൂർത്തീകരിക്കേണ്ടത്/ പൂർത്തീകരിച്ചത് | ഗ്രേസ് പിരീഡ്/ പിഴ ഈടാക്കേണ്ടത്/ ഈടാക്കിയത്/ ബാക്കി | ബിൽനം./തീയതി/ അളവുപുസ്തകം | റിമാർക്സ് |
|---|---|---|---|---|
| ജംഗംതറ കുടിവെള്ള പദ്ധതി – 184/15-16<br>259805/-<br>രതീകൃഷ്ണൻ | 20.2.15<br>25.3.2015<br>2.7.15 | 1.4.15<br>2.4.15 – 2.7.15 - @ 1% - ₹. 2598/-<br>ഈടാക്കിയത് - 0<br>ഈടാക്കേണ്ടത് - 2598/- | 2/30.10.15<br>168/14-15 | ഇലക്ട്രിക് കണക്ഷൻ ലഭിക്കാത്തതിനാൽ സമയം അനുവദിക്കണം എന്ന അപേക്ഷ അംഗീകരിക്കാൻ നിർവാഹമില്ല.കാരണം. 25.3.15ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് KSEBയിൽതുക അടവാക്കിയിരിക്കുന്നത്6.5.15നാണ്. |
| രാമൻപള്ളം അംഗൻവാടി കെട്ടിടനിർമ്മാണം – 199/15-16<br>760000/-<br>കൃഷ്ണൻകുട്ടി.എസ്. | 1.12.14<br>28.2.15<br>20.8.15 | 18.1.15<br>19.1.15 – 18.4.15 - @ 7600/-<br>19.4.15 – 18.7.15 - @ 15200/-<br>19.7.15 –20.8.15 – 33/90 – 5573/-<br>ഈടാക്കിയത് - 0<br>ഈടാക്കേണ്ടത് - 28373/- | 7/30.10.15<br>133/14-15,<br>146/14-15 | മെറ്റീരിയൽസ്കിട്ടാൻ വൈകി എന്ന കാരണംഅംഗീകരിക്കാൻ നിർവാഹമില്ല. |

## 3-13 നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തി ടെണ്ടർ ചെയ്ത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള KPWD മാന്വൽ പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ(ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10

ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ റേറ്റിലും നിബന്ധനയിലും കരാറേറ്റെടുക്കാമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം.ഇത് സാദ്ധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ 9238/-രൂപ ഈടാക്കേണ്ടതാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് - വാഴക്കോട് അങ്കണവാടി കെട്ടിട നിർമ്മാണം (201/15-16)

പിഎസി- 923845/-

ടെണ്ടർ ചെയ്തത്-20.3.15

ടെണ്ടർ അംഗീകരിച്ചത് - 25.3.15ലെ തീരുമാനം നം.2

കരാറുകാരൻ- ബിജു.കെ.

എഗ്രിമെൻറ് നം- 121/12.10.15

അളവു പുസ്തകം- 308/13-14

ഫൈനൽ ബിൽ - 36/29.3.16

പിഴ ഈടാക്കേണ്ടത്- 9238/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/8.11.16ന് പഴയ കെട്ടിടം ഓക്ഷൻ ചെയ്ത് പൊളിച്ചു മാറ്റുന്നതിന് കാലതാമസം വന്നതു കൊണ്ടാണ് പ്രവർത്തി തുടങ്ങുന്നതിന് കാലതാമസം ഉണ്ടായത്. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് 13.1.2016 -ാം തിയതിയാണ് അംഗീകാരം നൽകിയിട്ടുള്ളത്. കരാറുകാരന്റെ വീഴ്ചയല്ലാത്തതിനാലാണ് പ്രവൃത്തിക്ക് സമയം ദീർഘിപ്പിച്ചു നൽകുമ്പോൾ പിഴ ഈടാക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ കാരണം പറഞ്ഞ് പൂർത്തീകരണ കാലാവധി 30.8.16 വരെ പിഴയില്ലാതെ നീട്ടാൻ കരാറുകാരൻ അപേക്ഷ നൽകുകയും 12.10.15ന് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി നാളിതു വരെ പൂർത്തിയായിട്ടുമില്ല.

## 3-14 മരുന്ന് വാങ്ങൽ പദ്ധതി- നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ഹോമിയോ)

പ്രൊജക്റ്റ് നം.34/15-16

ചെലവ് - ട്രഷറി ബിൽ നം. 1) 1/15-16 തി, 11.3.16 – 100000/-

2) 2/15-16 തി, 11.3.16 – 100000/-

2015-16 വർഷത്തിൽ ഗവ. ഹോമിയോ എസ്.സി.പി. ഹെൽത്ത് സെന്റർ, തേനാരി, ഗവ, ഹോമിയോ ഡിസ്പെൻസറി, എലപ്പുള്ളി എന്നീ സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ട് ജനറലിൽ നിന്നും 200000 രൂപ പിൻവലിച്ച് ഡി.ഡി.നം. 135279/19.3.16, 135280/19.3.16 എന്നിവ പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ ഇൻവോയ്സ് നം. എൽ.എഫ്. 851/31.10.2016 പ്രകാരം 100000/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 100000/- രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലഭ്യമായതിനുശേഷം ബില്ലുകളും സ്റ്റോക്കും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-15 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക,നടപ്പാക്കിയ പ്രൊജക്ടുകൾ,ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ | നടപ്പാക്കിയത് / | നടപ്പാക്കിയതിന്റെ |
|---|---|---|

| വകയിരുത്തിയത് | ചെലവഴിച്ചത് | ശതമാനം |
|---|---|---|
| 119 | 30 (സ്പിൽ ഓവർ) | 25% |
| 50890806 | 9506666 | 18.68% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 25 %പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 18.68 % തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/7.11.16ന് 2015-16 വർഷത്തെ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചത് 2016 ഫെബ്രുവരി മാസം 25-ാം തിയതിയാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി സംബന്ധമായി ബഹു. കേരള ഹൈക്കോടതി മുൻപാകെ കേസ് ഉണ്ടായിരുന്നത് 2016 ഫെബ്രുവരി മാസത്തിലാണ് തീർപ്പാക്കിയത്. കൂടുതൽ പ്രവൃത്തികളും അസിസ്റ്റന്റ് എഞ്ചിനീയറുടേതായതിനാൽ നടപടി ക്രമം പൂർത്തീകരിച്ച് ടെണ്ടർ ചെയ്യുന്നതിന് മതിയായ സമയം ലഭിക്കുകയുണ്ടായില്ല. കൂടാതെ ഇലക്ഷൻ നടപടികൾ തുടങ്ങുന്നതിന് കാലതാമസം വന്നതും , കരാറുകാരുടെ ഭാഗത്തു നിന്നുള്ള ഉദാസീനത തുടങ്ങിയ കാരണങ്ങൾ കൊണ്ട് സ്പിൽ ഓവർ പ്രവർത്തികൾ ഉൾപ്പെടെയുള്ളവയുടെ പൂർത്തീകരണം സാധിക്കാതെ വന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-16 പകൽ വീട് ഉപയോഗപ്രദമാക്കിയില്ല.

പ്രൊജക്ട് - പകൽ വീട് മെയിന്റനൻസ് - 142/14-15

അടങ്കൽ - 400000/-

ബിൽ നം. - 1/15-16 , 18.8.15 - 399927/-

പ്രൊജക്ട് പ്രകാരം പകൽ വീട് മെയിന്റനൻസ് നടത്തി മേൽപ്പുര ചോർച്ച തടയാൻ റൂഫിംഗ് നടത്തി പുകയില്ലാത്ത അടുപ്പ് സ്ഥാപിച്ച് മുറ്റം ടൈൽസ് പതിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഓഡിറ്റ് ടീം പകൽ വീട് സന്ദർശിച്ചപ്പോൾ ഈ കെട്ടിടം അടച്ച് പൂട്ടിയിട്ടിരിക്കുന്നതാണ് കണ്ടത്. താക്കോൽ ലഭ്യമാകാത്തതിനാൽ തുറന്ന് പരിശോധിക്കാൻ സാധിച്ചില്ല. മേൽ പ്രൊജക്റ്റ് നിലവിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.





പകൽവീട്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1170000 | ഉഴവ് കൂലി | --- | 1170000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ലോൺ | GO(MS)207/2009/LSGD dt.7.11.09 & സ.ഉ,(സാ) നം. 1000/2010 തസ്വഭവ |തിയതി, 24.3.2010 | 16149125 | 4527530 | 1738768 | | 2788762 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 9082564 |
| തൻവർഷം നിക്ഷേപിച്ച തുക | --- |
| ആകെ | 9082564 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11588555 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്,എലപ്പുള്ളി- സ്ഥിര നിക്ഷേപം | 10964925+ 623630(Int) = 11588555 | 54237/7.10.2016 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86723059 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64987531 |
| വരവിനങ്ങളിലുള്ള നഷ്ടം | 21584 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3209050 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-5 | 21584 | | 4761- മദനമോഹനൻ.വി.,സെക്രട്ടറി<br>16823 – ആർ.ഗോപാലകൃഷ്ണപ്പിള്ള (സെക്രട്ടറി ഇൻ ചാർജ്) |
| ആകെ | 21584 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1314000 | ആർ.ഗോപാലകൃഷ്ണപ്പിള്ള, സെക്രട്ടറി ഇൻ ചാർജ് |
| 3-5 | 2800000 | ആർ.ഗോപാലകൃഷ്ണപ്പിള്ള,അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 37650 | മണിയമ്മ.കെ., പ്രധാനാദ്ധ്യാപിക |
| 3-9 | 240000 | 120000 -അസ്സൻ മുഹമ്മദ്, വി.ഇ.ഒ.<br>120000 – തങ്കരാജ്, വി.ഇ.ഒ. |
| ആകെ | 3209050 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-11

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മദനമോഹനൻ.വി., സെക്രട്ടറി | വിരമിച്ചു | കൃഷ്ണ വിഹാർ,<br>അമ്പാട്ടു പാളയം, ചിറ്റൂർ, |

| | | |
|---|---|---|
| | | പാലക്കാട് |
| ആർ.ഗോപാലകൃഷ്ണപ്പിള്ള, സെക്രട്ടറി (ഇൻചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, എലപ്പുള്ളി ഗ്രാമപഞ്ചായത്ത് | കലയിക്കൽ തെക്കേതിൽ, എടക്കുളങ്ങര പി.ഒ., കരുനാഗപ്പള്ളി, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP14/453/07/17.3.07 | പുനരഭിപ്രായകുറിപ്പ് |
| 1997-98 | LFP14/454/07/17.3.07 | -ടി- |
| 1998-99 | LFP14/455/07/17.3.07 | -ടി- |
| 1999-2000 | LFP14/450/07/17.3.07 | -ടി- |
| 2000-01 | LFP14/726/08/3.4.09 | -ടി- |
| 2001-02 | | |
| 2002-03 | LFP14/727/08/3.4.09 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | LFP14/728/08/3.4.09 | -ടി- |
| 2004-05 | LFP14/729/08/3.4.09 | -ടി- |
| 2005-06 | LFP14/730/08/3.4.09 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | LFP14/731/08/3.4.09 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | LFP14/1162/11/12.12.11 | |
| 2008-09 | LFP14/399/11/12.12.11 | |
| 2009-10 | LFP14/2408/12/7.2.13 | |
| 2010-11 | LFP11/2408/12(1)/17.07.2013 | സർചാർജ് പ്രൊപ്പോസൽ |
| 2011-12 | LFP11/52/15/05.02.2015 | പുനരഭിപ്രായക്കുറിപ്പ് |
| 2012-13 | KSA-PKD11/1727/ 2015/04.04.2016 | പുനരഭിപ്രായക്കുറിപ്പ് |

| | | |
|---|---|---|
| 2013-14 & 2014-15 | നം.കെ.എസ്.എ-പി.കെ.ഡി.പി.11/ 1264/2016/03.08.2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ-പികെഡി11-. / /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
ഫോൺ - 04912420145
e-mail – dopkd.ksad@kerala.gov.in

തിയതി 31.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. തനത് ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ കൃത്യമല്ല . (വ്യത്യാസമായി കാണിച്ചിരിക്കുന്നDirectly debited by bank - 962642രൂപ തുക സംബന്ധിച്ച് വ്യക്തതയില്ല )

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-11- /2016

Kerala State Audit Department

District Audit Office

Palakkad

Date – 31.12.2016

## Audit Certificate

Certified that I have audited the Annual Financial Statement of ELAPPULLY Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of ELAPPULLY Gramapanchayat for the year 2015-16 except the observations attached with

this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1) Asset values not ascertained and linked with Sankhya.

2)The figures shown as the arrear & current balance of property tax (2015-16) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.

3 Bank account for Own fund has not reconcilled properly. ( Differnce shown in the reconciliation statement of rupees 962642 as Directly debited by bank is not clear.)

Deputy Director